കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്2015-16 വർഷ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എം.പി.എം26/2455/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതിഃ 28-10-2016

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കൽ ഗ്രാമപഞ്ചായത്ത് 2015 -16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കൽ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2015 -16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എം.എ.

നം കെ.എസ്.എ.എം.പി.എം.26/2455/2016 തിയ്യതി:28-10-2016

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015 -16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 7-7-15 മുതൽ 21-8-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ചേക്കുട്ടി.കെ.യു, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22-8-16മുതൽ 29-8-16വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.എ.എസ് ഷാജഹാൻ | ഓഡിറ്റ് ഓഫീസർ. (ഹ.ഗ്രേ) |
| | | ശ്രീ .എം.മുഹമ്മദ് ഫസലുറഹ്മാൻ | അസി.ഓഡിറ്റ് ഓഫീസർ. |
| | | ശ്രീ.ബി,പ്രദീപ് | സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | | ശ്രീ.യു.ആലസ്സൻകുട്ടി | ഓഡിറ്റർ. |
| | | ശ്രീ.പി.അബ്ദുസ്സലാം | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | | 1) | ശ്രീ.മുസ്തഫ തങ്ങൾ | 1-4-15മുതൽ 11-11-15വരെ |
| | | 2) | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 12-11-15 മുതൽ18-11-15 വരെ |
| | | 3) | ശ്രീമതി.മിഥുന.പി | 19-11-15 മുതൽ31-3-16 വരെ |
| സെക്രട്ടറി | | | ശ്രീ.അശോകൻ | 1-4-15മുതൽ31-3-16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | | |

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| അസി.എഞ്ചിനിയർ | | ശ്രീ.ചാൾസ് റാഫി | 1-4-15മുതൽ31-3-16വരെ |
| കൃഷി ഓഫീസർ. | | ശ്രീമതി.സൈഫുന്നീസ.ടി.കെ | 1-4-15മുതൽ31-3-16വരെ |
| ഹെഡ മാസറ്റർ | | ശ്രീ.ശ്രീവൽസൻ | 1-4-15മുതൽ 31-3-16വരെ |
| വെറ്റിനറി സർജൻ. | | ഡോ.ജനീഷ.പി.അഹമ്മദ്. | 1-4-15മുതൽ31-3-16വരെ |
| വി.ഇ.ഒ | | .ശ്രീ.ഷൈജു.പി | 1-4-15മുതൽ31-3-16വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീമതി.സജ്നി.ഒ.. | 1-4-15മുതൽ4-3-16വരെ |
| | | ശ്രീമതി.രശ്മി.ആർ | 5-3-16മുതൽ31-3-16വരെ |
| .മെഡിക്കൽ ഓഫീസർ(P.H.C.). | | ഡോ.ഷിജീഷ്. | 1-4-15മുതൽ4-4-15വരെ |
| | | ഡോ.ഷാജി.<br>ഡോ.സുരയ്യ | 5-4-15മുതൽ30-6-15വരെ<br>1-7-15മുതൽ31-3-16വരെ |
| ICDS സൂപ്പർവൈസർ | | ശ്രീമതി.ജമീല. | 1-4-15മുതൽ 17-12-15വരെ |
| | | ശ്രീമതി.ജാസ്മിൻ | 18-12-15 മുതൽ31-3-16 വരെ |
| അസി.സെക്രട്ടറി. | | ശ്രീ.ഉണ്ണി.കെ | 1-4-15മുതൽ31-3-16വരെ |

ഉള്ളടക്കം


| | | | |
|---|---|---|---|
| | 1-1 | ബജറ്റ് | - |

| | | | |
|---|---|---|---|
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. | - |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | - |
| 4 | 1-4 | സാമ്പത്തിക വിശകലനം | - |
| 5 | 1-5 | ഫണ്ട് വിനിയോഗം | - |
| 6 | 1-6 | പദ്ധതി അവലോകനം | - |
| 7 | 1-7 | തനത് വരുമാനം. | - |
| 8 | 1-8 | ക്ഷേമപദ്ധതികൾ | - |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ | - |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം. | - |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | - |
| 12 | 2-1 | പെർമിറ്റ് ഫീ -തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീ ഈടാക്കിയില്ല | - |
| 13 | 2-2 | ഡി & ഒ ലൈസൻസ്ഫീ കുറവായി ഈടാക്കി | - |
| 14 | 2-3 | വസ്തു നികുതി കുറവായി ഈടാക്കി - പഞ്ചായത്തിന് വരുമാന നഷ്ടം | - |
| 15 | 3-1 | വീട് വക്കുന്നതിന് സ്ഥലം വാങ്ങൽ - അധികം തുക നൽകി ₹ 133401 നഷ്ടം | |
| 16 | 3-2 | ഭവന പദ്ധതി - ഗുണഭോക്താക്കൾ നാളിതുവരെ നിർമാണം പൂർത്തീകരിച്ചിട്ടില്ല | - |
| 17 | 3-3 | SCP ഫണ്ട് -അധികം ചെലവഴിച്ചു. | - |
| 18 | 3-4 | എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. | |
| 19 | 3-5 | ടെണ്ടർ നടപടി പാലിക്കാതെ സാധനങ്ങൾ വാങ്ങി. | |
| 20 | 3-6. | വിദേശ തൊഴിൽ നേടുന്നതിന് ധനസഹായം- സന്ദർശന വിസക്ക് പണം നൽകി. | |

| | | | |
|---|---|---|---|
| 21 | 3-7 | കൃഷിഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | - |
| 22 | 3-8 | ഐ.കെ.എം. വിഹിതം അടവ് രേഖകൾ ഹാജരാക്കിയില്ല - 59,753 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 23 | 3-9 | മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല-50,000/- രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു. | |
| 24 | 3-10 | റോഡ് കോൺക്രീറ്റ് പ്രവൃത്തി - അധിക തുക ചെലവഴിച്ചു | - |
| 25 | 3-11 | ഗ്രാമ്പ്യ ബസാർ പൊതു കിണർ റിപ്പയർ -- അധിക നിരക്കു നൽകി | - |
| 26 | 3-12 | പി.എച്ച്.സി.,പരിരക്ഷ -മരുന്ന് ലഭ്യമാക്കിയില്ല | |
| 27 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | - |
| 28 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | - |
| 29 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് - | - |
| 30 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് | - |
| 31 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | - |
| 32 | 4-6 | ഓഡിറ്റ് റിക്കവറി | - |
| 33 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | - |
| 34 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | - |
| 35 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | - |
| 36 | 4-10 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 | - |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26-3-15 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-16 | 15-7-16 | ----- -- | ------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 22-8-16 |

അപാകതകൾ

1. പഞ്ചായത്തിന്റെ വിവിധ ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുകകൾ AFS മായി പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് | AFS പ്രകാരം നീക്കിയിരുപ്പ് | ACR ,ട്രഷറി സർട്ടിഫിക്കറ്റ് പ്രകാരം നീക്കിയിരുപ്പ് |
|---|---|---|
| വി.പി.എഫ് II | 0 | 5588830 |
| വി.പി.എഫ് III | 0 | 2070509 |
| വി.പി.എഫ് IV | 0 | 69808 |
| വി.പി.എഫ് V | 0 | 54315 |
| വി.പി.എഫ് VI | 0 | 3027538 |
| വി.പി.എഫ് VII | 0 | 48890 |

2. വസ്തുനികുതി ഡിമാന്റ്/അരിയർ ഡിമാന്റ് റജിസ്റ്റർ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. എം.ജി.എൻ.ആർ.ഇ.ജി.എസ് EFMS ഇനത്തിലെ വരവ് ആയി AFS ൽ കാണിച്ച തുക ഈ ഇനത്തിലെ യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്നില്ല.
4. ഡി&ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി, വാടക എന്നീ ഇനങ്ങളിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരം പിരിച്ചെടുക്കാൻ തുകയൊന്നും അവശേഷിക്കുന്നില്ല . എന്നാൽ 31.03.2016 ലെ ബാലൻസ് ഷിറ്റ് പ്രകാരം ഈ ഇനത്തിൽ തുക പിരിഞ്ഞു കിട്ടാൻ അവശേഷിക്കുന്നതായി കാണുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 28789607 |
| വരവ് | 52845820 |
| ആകെ | 81635427 |
| ചെലവ് | 58491024 |
| നീക്കിയിരിപ്പ് | 23144403 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3577198 | 15916371 | 19493569 | 13904739 | 5588830 (lapsed) | 71% |
| വികസനഫണ്ട് എസ്.സി.പി. | 1520173 | 6464000 | 7984173 | 4956635 | 3027538 (Lapsed) | 62% |
| വികസനഫണ്ട് ടി.എസ്.പി. | 3890 | 45000 | 48890 | --- | 48890 (Lapsed) | ---- |
| സംരക്ഷണഗ്രാന്റ് റോഡ് | 950170 | 564719 | 6597889 | 4601608 | 1996281 (Lapsed) | 69% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1654502 | 6329907 | 7984409 | 7910181 | 74228 (Lapsed) | 99% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 789645 | 4470403 | 5260048 | 5190240 | 69808 (Lapsed) | 98% |
| പെർഫോമൻസ് ഗ്രാന്റ് | 3674588 | --- | 3674588 | 3620273 | 54315 (Lapsed) | 98% |
| എം.എൻ.ആർ.ഇ.ജി.എസ്. | | 340393 | 340393 | 338220 | 2173 | 99% |
| ബി ഫണ്ട് | - | 324240 | 324240 | 324240 | - | 100% |

എ.എഫ്.എസിൽ മുന്നിരിപ്പും തന്നാണ് പിൻവലിച്ച തുകയും ചേർന്ന് വരവ്, ചെലവ് ക്രമീകരിച്ച് 100ശതമാനം ചെലവാണ് കാണിച്ചിട്ടുള്ളത്. അടിസ്ഥാന രജിസ്റ്ററുകൾ, ഫണ്ട് അലോട്ട്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുത്തിയിട്ടില്ലാത്തതാണ് വാർഷിക ധനകാര്യ പത്രികയിലെ വിവരം

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 183 | 76745429 | 128 | 47840526 | 55 | 2 | 70 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9727270 | 9907049 | 179779 | 1.8 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 1195438 | 1579171 | 383733 | 32 |
| മറ്റുവരവുകൾ | | 562309 | 562309 | |
| ആകെ | 10922708 | 12048529 | 1125821 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 279240 | 174 |
| കർഷകതൊഴിലാളി പെൻഷൻ | 2428400 | 316 |
| വിധവാപെൻഷൻ | 11586400 | 1248 |
| വാർദ്ധക്യകാലപെൻഷൻ | 13112400 | 1884 |
| വികലാംഗപെൻഷൻ | 4226900 | 461 |
| അവിവാഹിതരായ 50വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ പെൻഷൻ | 286400 | 28 |

## 1-9 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് 29230 രൂപ 22-8-16 ന് 10 AM മണിക്ക്പരിശോധന നടത്തി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ട് മാസ്റ്റർ ഇംക്യുമ്പൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം, ഓഫീസ് മേൽനോട്ടം, ഓഫീസ് യോഗങ്ങൾ എന്നിവ കുറ്റമറ്റ രീതിയിലാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-11-15&26-11-16 | 10/2015 | 7-5-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-5-2001 to 2-6-2001 | 1997-98 മുതൽ 1999-2000 വരെ | 18-7-2001 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീ ഈടാക്കിയില്ല

കാറ്റഗറി I ആയ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ വരവുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപേക്ഷകരിൽ നിന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീ ഈടാക്കിയിട്ടില്ല. വിശദ

വിവരം ചുവടെ ചേർക്കുന്നു.

| പെർമിറ്റ് നമ്പർ | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ തരം | പ്ലിൻത് ഏരിയ | ഈടാക്കേണ്ട പെർമിറ്റ് ഫീ | ഈടാക്കിയ പെർമിറ്റ്ഫീ | കുറവ് | റസീറ്റ് നമ്പർ /തിയ്യതി |
|---|---|---|---|---|---|---|---|
| 91 | ശ്രീ. ഹുസൈൻ തകരംകുന്നത്ത്, ചിറക്കൽ, പള്ളിക്കൽ. | വാസഗ്രഹം - പെർമിറ്റ് | 175.83 m2 | @5/m² 879 | @3/m² 527 | 352 | 11504101214/ 22-05-2015 |
| 123 | ശ്രീ. മുഹമ്മദ് ഷാഫി & ലൈല, ചോലയിൽ, പരുത്തിപ്പാറ. | വാസഗ്രഹം - പെർമിറ്റ് | 156.23 m2 | @5/m² 781 | @3/m² 313 | 468 | 03048/ 03-09-2015 |
| 182 | ശ്രീ. മുഹമ്മദ് കുട്ടി & പെരിങ്ങരക്കാട്ട് ഫാത്തിമ സുഹറ, കൈമട്ടിലകത്ത് കണ്ടി, പൈങ്ങോട്ട്മാട്. | വാസഗ്രഹം - പെർമിറ്റ് | 180.71 m2 | @5/m² 904 | @3/m² 293 | 611 | 11504102313/ 21-07-2015 |
| 317 | ശ്രീ. മമ്മദ് ഹാജി അല്ലിപ്ര, കൊട്ടിയാട്ട്, തറയിട്ടാൽ. | വാണിജ്യം - പെർമിറ്റ് | 1924.6 m2 | @7/m² 13472 | 10780 | 2692 | 11504104560/ 01-12-2015 |
| 352 | ശ്രീ. അല്ലിപ്ര ആലിക്കുട്ടി ഹാജി & പാത്തുമ്മ, വട്ടപ്പറമ്പ്, കണ്ടക്കാട്. | വാണിജ്യം - പെർമിറ്റ് | 136.24 m2 | @7/m² 954 | 343 | 611 | 11504105007/ 21-12-2015 |

| | | | | | | | |
|---|---|---|---|---|---|---|---|
| 403 | ശ്രീ. മമ്മദ് അല്ലിപ്ര & ബീപാത്തു, നെട്ടംകലാരി, കമ്മിണിപ്പറമ്പ്. | വാസഗ്രഹം - ക്രമവൽക്കരണം | 155.06 m2 | @5/$m^2$ 2326 (775.3 x2+775.3) | 1170 | 1156 | 11504104997/ 21-12-2015 |
| 537 | ശ്രീ.മുഹമ്മദ് ബഷീർ.കെ, കുന്നത്തീരി, പള്ളിക്കൽ. | വാസഗ്രഹം - പെർമിറ്റ് | 157.28 m2 | @5/$m^2$ 786 | 395 | 391 | 115041106404/ 22-02-2016 |
| ആകെ കുറവ് | | | | | | 6281 | |

മേൽ അപാകതക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 13/27-08-2016) പഞ്ചായത്ത് നൽകിയ മറുപടിയിൽ പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കാൻ കുറവു വന്ന 6281 രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി

2015-16 വർഷത്തെ ഡി & ഒ ലൈസൻസ് ഫീ വരവുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപേക്ഷകരിൽ നിന്ന് 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 (പട്ടിക II), ചട്ടം 18 (പട്ടിക III) പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | സ്ഥാപനം/ആവശ്യം | കെട്ടിട നമ്പർ | പ്രതിദിന വിറ്റുവരവ് / electric motor HP | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കിയ ലൈസൻസ് ഫീ | കുറവ് | റസീറ്റ് നമ്പർ /തിയ്യതി |
|---|---|---|---|---|---|---|---|
| ശ്രീ. പെരിഞ്ചീമാട്ടിൽ അഹമ്മദ്, ക്രസന്റ് വില്ല, പാണമ്പ്ര. | ഹാർഡ് വെയർ, ക്രസന്റ് സ്റ്റീൽസ് | 11/703 AS | 50,000 | 1000 | 500 | 500 | 10235/ 02-03-2015 |
| ശ്രീ. വി.പി അബ്ദുൽ റസാഖ്, പള്ളിക്കൽ | ഐഡിയൽ ബിൽഡിംഗ് മെറ്റീരിയൽ, സ്റ്റോൺ ക്രഷർ | 1/368 | 115 HP | 2000 | 1500 (ലൈ.ഫീ + മോട്ടോർ ഫീ) | 500 | 4109929/ 25-02-2015 |
| ആകെ കുറവ് | | | | | | 1000 | |

മേൽ അപാകതക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 12/27-08-2016) പഞ്ചായത്ത് നൽകിയ മറുപടിയിൽ ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കാൻ കുറവു വന്ന 1000 രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിരം അറിയിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി കുറവായി ഈടാക്കി - പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്ത് രണ്ടാം വാർഡിൽ താമസിക്കുന്ന ശ്രീ. ഹുസൈൻ തകരംകുന്നത്ത്, ചിറക്കൽ, പള്ളിക്കൽ എന്നയാൾ വീട് നിർമ്മാണം പൂർത്തീകരിച്ചതായി കാണിച്ച് 29.01.2016 ൽ കംപ്ലീഷൻ പ്ലാൻ സഹിതം വീട് നമ്പർ ലഭിക്കുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും, 2/361 A നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (ഡിമാന്റ് നമ്പർ.16003 / new building register). വസ്തു നികുതി കണക്കാക്കിയിരിക്കുന്നത് പെർമിറ്റിൽ കാണിച്ച 175.83 m2 തറ വിസ്തീർണ്ണത്തെ ആസ്പദമാക്കിയാണ്. അപേക്ഷകൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം പെർമിറ്റിൽ നിന്നും അധികമായി ചുവടെ ചേർക്കും പ്രകാരം നിർമ്മാണം നടത്തിയതായി വ്യക്തമാവുന്നു.

| | പെർമിറ്റ് പ്ലാൻ പ്രകാരം | കംപ്ലീഷൻ പ്ലാൻ പ്രകാരം - കൂട്ടിച്ചേർത്തത് | ആകെ തറവിസ്തീർണ്ണം |
|---|---|---|---|
| GF | 87.71 m2 | 8.22 m2 | 95.93 m2 |
| FF | 88.12 m2 | 1.12 m2 | 89.24 m2 |
| ആകെ | 175.83 m2 | 9.34 m2 | 185.17 m2 |

പെർമിറ്റ് പ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തു നികുതി നിശ്ചയിച്ചത് മൂലം ഗ്രാമ പഞ്ചായത്തിന് ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഈടാക്കേണ്ട വസ്തുനികുതി | ഈടാക്കിയ വസ്തു നികുതി |
|---|---|
| 185.17 m2 x 3 = 556 | 176 m2 x 3 = 528 |
| ഇളവ് (ദ്വിതീയ മേഖല) 10% 56 | ഇളവ് (ദ്വിതീയ മേഖല) 10% 52 |
| നികുതി 500 | നികുതി 476 |
| ലൈബ്രറി സെസ്സ് 25 | ലൈബ്രറി സെസ്സ് 24 |
| ആകെ 525 | ആകെ 500 |

2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി ഈടാക്കി വരുന്നു. തുടർ വർഷങ്ങളിലും വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിന് ആനുപാതികമായി നികുതി പുനർ നിർണയം നടത്തേണ്ടതും നഷ്ടം ഈടാക്കേണ്ടതുമാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള അപേക്ഷകൾ പരിശോധിച്ച് തറവിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീ ഇനത്തിൽ കുറവ് വന്ന തുക കൂടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വീട് വക്കുന്നതിന് സ്ഥലം വാങ്ങൽ - അധികം തുക നൽകി ₹ 133401 നഷ്ടം

വീട് വക്കുന്നതിന് ധനസഹായം നൽകുന്നതിന് സർക്കാർ ഉത്തരവ് പാലിക്കാതെ പണം നൽകിയത്മൂലം ₹ 133401 നഷ്ടം സംഭവിച്ചു.

2015-16 വർഷത്തിൽ വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളുടെ നടത്തിപ്പിലാണ് അപാകത സംഭവിച്ചത്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 362/2013 തി.16.11.2013 പ്രകാരം വീട് വക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് താഴെ പറയുന്ന നിബന്ധനകൾ നിർദേശിക്കുന്നുണ്ട്.

1) അനുവദനീയമായ സബ്സിഡി തുകയോ ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയോ ഏതാണ് കുറവ് എങ്കിൽ ആ തുകയേ സബ്സിഡി ആയി ലഭിക്കുകയുള്ളൂ.

2)സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിച്ചാൽ മിനിമം സ്ഥലത്തിനുള്ള വില നിജപ്പെടുത്തി സബ്സിഡി തുക പരിമിതപ്പെടുത്തേണ്ടതാണ്.

3) ആശ്രയ ഗുണഭോക്താക്കൾക്ക് മൂന്ന് സെന്റിൽ കുറയാത്ത സ്ഥലം വാങ്ങി നൽകണം

എന്നാൽ സ്ഥല വില മൂന്ന് സെന്റിന് പരിമിതപ്പെടുത്താതെയും ആധാരത്തിൽ രേഖപ്പെടുത്തിയതിനെക്കാൾ അധികം നൽകിയത്മൂലവും പഞ്ചായത്തിന് നഷ്ടം സംഭവിച്ചു.

വിശദ വിവരം താഴെ നൽകുന്നു.

ആശ്രയ അഗതി പുനരധിവാസ പദ്ധതി

| ഗുണഭോക്താവ് | വാങ്ങിയ സ്ഥലത്തിന്റെ വിസ്തൃതി | ആധാരപ്രകാരം നൽകിയ വില | ഗുണഭോക്താവിന് നൽകിയത് | അധികം |
|---|---|---|---|---|
| ശ്രീ. വിജയകുമാർ ടി. ഇല്ലപറമ്പ്, പുൽപറമ്പ് | 3 സെന്റ് (1.214 ആർ) | 50000 | ₹ 150000 (ചെ.നമ്പർ 1893816/ 22.12.2015-₹ 100000, ബിൽ നമ്പർ 9/15-16 തി. 30.03.2016-₹ 50000 ) | 100000 |

വീട് വക്കുന്നതിന് സ്ഥലം വാങ്ങൽ-ജനറൽ( 155/16)

| ഗുണഭോക്താവ് | വാങ്ങിയ സ്ഥലത്തിന്റെ വിസ്തൃതി | ആധാരപ്രകാരം നൽകിയ വില | ഗുണഭോക്താവിന് നൽകാവുന്ന തുക(മൂന്ന് സെന്റിന് പരിമിതപ്പെടുത്തിയത്) | ഗുണഭോക്താവിന് നൽകിയ തുക | അധികം |
|---|---|---|---|---|---|
| സഫ്രീന എം D/o ആലിക്കോയ വാർഡ് 15 | 3.68 സെന്റ് (1.49 ആർ) | 105000 | 85599 @ 28533/സെന്റ് | ₹ 100000 (ബിൽ നമ്പർ 1/15-16 തി. 29.01.2016 ₹ 300000) | 14401 |
| ഹസ്നത്ത് D/o അബ്ദുൽ നാസർ വാർഡ് 1 | 4 സെന്റ് (1.62 ആർ) | 108000 | 81000 @ 27000/സെന്റ് | ₹ 100000 (ബിൽ നമ്പർ 1/15-16 തി. 29.01.2016 ₹ 300000) | 19000 |
| | | | ആകെ | | 33401 |

ഭവന നിർമാണത്തിന് സ്ഥലം വാങ്ങുന്നതിന് സഹായം നൽകുന്നതിന് സർക്കാർ ഉത്തരവിൽ നിർദേശിച്ച നിബന്ധനകൾ പാലിക്കാതെ ഗുണഭോക്താക്കൾക്ക് പണം അനുവദിച്ച് നൽകിയത്മൂലമുള്ള നഷ്ടം ₹ 133401 ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-2 ഭവന പദ്ധതി - ഗുണഭോക്താക്കൾ നാളിതുവരെ നിർമാണം പൂർത്തീകരിച്ചിട്ടില്ല

മുൻ വർഷങ്ങളിൽ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ഭവന നിർമാണ പദ്ധതികൾ പ്രകാരം ഭവന നിർമാണത്തിന് കരാർ ചമച്ച് പണം കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ 2015-16 വർഷത്തിലും പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് | പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം | നൽകാൻ അവശേഷിക്കുന്ന തുക |
|---|---|---|
| ജില്ലാ പഞ്ചായത്ത് ഭവനം | 2 | 70000 |
| ഇ.എം.എസ് ഭവനപദ്ധതി 11-12 | 14 | 225000 |

| | | |
|---|---|---|
| എസ്.സി ഭവനം 2012-13 | 5 | 200000 |
| ശിഹാബ് തങ്ങൾ ഭവന പദ്ധതി 2013-14 | 52 | 1112125 |
| ശിഹാബ് തങ്ങൾ ഭവന പദ്ധതി 2012-13 | 27 | 555000 |

പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് നിയമാനുസൃതമുള്ള നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 SCP ഫണ്ട് -അധികം ചെലവഴിച്ചു.

എസ്.എസ്.എ പ്രൊജക്ടിന് എസ്.സി ഫണ്ട് വകയിരുത്തി ചെലവ് ചെയ്തപ്പോൾ പട്ടികജാതി വിദ്യാർത്ഥികളുടെ അനുപാതത്തിനനുസൃതമായല്ലാതെ പണം ചെലവഴിച്ചതുമൂലം ₹ 420000 എസ്.സി.പി ഫണ്ട് അധികം ചെലവഴിച്ചു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013, പ്രകാരം എസ്.എസ്.എ പ്രൊജക്ടിന് മറ്റ് ഫണ്ടുകളും വകയിരുത്താൻ അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ മറ്റ് ഫണ്ടുകൾ വകയിരുത്തി പ്രൊജക്ട് തയ്യാറാക്കുന്നതിന് പഞ്ചായത്തിലെ സ്കൂളുകളിൽ പഠനം നടത്തുന്ന ആകെ കുട്ടികളുടെയും മറ്റ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളുടെയും എണ്ണം ,ശതമാനം എന്നിവ സംബന്ധിച്ച് സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ സാക്ഷ്യപത്രം നിർബന്ധമായും പ്രൊജക്ടിനൊപ്പം സമർപ്പിക്കണം എന്ന് നിർദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ പഠനങ്ങളൊന്നും നടത്താതെയാണ് SCP ഫണ്ട് വകയിരുത്തി പ്രൊജക്ട് തയ്യാറാക്കിയത്.

2015-16 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിന്റെ ചെലവ് വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|
| SSA വിഹിതം നൽകൽ-ജനറൽ (18/16) | ₹ 500000 | 2/15-16 തി.16.03.2016 |
| SSA വിഹിതം നൽകൽ-എസ്.സി (19/16) | ₹ 500000 | 1/15-16 തി.16.03.2016 |

ആകെ ചെലവിന്റെ 50% തുകയാണ്( 500000/1000000*100) എസ്.സി.പി ഫണ്ട് ചെലവഴിച്ചിരിക്കുന്നത്.എന്നാൽ ഓഡിറ്റിന് നിർവഹണോദ്യോഗസ്ഥൻ രേഖാമൂലം നൽകിയ കണക്ക് പ്രകാരം 8% മാത്രമാണ് പഞ്ചായത്തിലെ പട്ടികജാതി വിദ്യാർത്ഥി അനുപാതം. (444/5391*100 )

ഇതനുസരിച്ച് ആകെ ചെലവിന്റെ 8% തുകയായ ₹ 80000 മാത്രമെ എസ്.സി.പി ഫണ്ട് ചെലവഴിക്കാനാവൂ.

അധികം ചെലവ് ചെയ്ത ₹ 420000 എസ്.സി.പി അക്കൗണ്ടിൽ തിരിച്ചടച്ച് ക്രമീകരിക്കേണ്ടതാണ്.

## 3-4 എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

2015-16 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 1000000എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|
| SSA വിഹിതം നൽകൽ-ജനറൽ (18/16) | ₹ 500000 | 2/15-16 തി.16.03.2016 |
| SSA വിഹിതം നൽകൽ-എസ്.സി (19/16) | ₹ 500000 | 1/15-16 തി.16.03.2016 |

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) SSA നൽകിയ പ്രൊജക്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല.

2) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 225/12 തി. 18.08.2012, പുതുക്കിയ മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013, എന്നിവ പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും , എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ

ആവശ്യകതക്കനസരിച്ചാണ് പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്.

3) വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ ചെലവ് ₹ 1000000 തടസ്സം ചെയ്യുന്നു.

## 3-5 ടെണ്ടർ നടപടി പാലിക്കാതെ സാധനങ്ങൾ വാങ്ങി.

2015-16 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടുകൾ പ്രകാരം നടത്തിയ വാങ്ങലുകളിൽ ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങലുകൾ നടത്തി

വിശദ വിവരം താഴെ നൽകുന്നു

| പ്രൊജക്റ്റ് | വാങ്ങിയ സാധനം | ചെലവ് | കുറിപ്പ് |
|---|---|---|---|
| എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | സൈക്കിൾ | ₹ 179067<br>(ബിൽ നമ്പർ 3/15-16 തി. 26.03.2016) | ഹീറോ സൈക്കിൾ കമ്പനിയുടെ സൈക്കിൾ സിഡ്കോ യിൽ നിന്നും വാങ്ങി. |
| പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ ( 153/16 ) | ഫൈബർ ചെയർ | ₹13176<br>ബിൽ നമ്പർ 10/15-16 തി. 31.03.2016 ₹ 256000 | |

ടെണ്ടർ നടപടികൾ പാലിക്കാതെ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സിഡ്കോ, സിഡ്കോയിൽ രജിസ്റ്റർ ചെയ്ത ചെറുകിട വ്യവസായ സ്ഥാപനങ്ങൾ എന്നിവ നിർമിച്ച വിവിധ സാധനങ്ങൾക്കാണ് ഇത്തരത്തിൽ ഇളവ് നൽകുന്നത്.

2015-16 വർഷകാലയളവിൽ ഇത്തരത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ സൈക്കിൾ, ഫൈബർ ചെയർ എന്നിവ ഉൾപ്പെടുന്നില്ല. കൂടാതെ വാങ്ങിയ സൈക്കിളുകൾ ഹീറോ സൈക്കിൾസ് എന്ന വൻകിട കമ്പനിയുടെതുമാണ്.

മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ പാലിക്കാതെയുള്ള ഇത്തരം പർച്ചേസ് മൂലം പഞ്ചായത്തിന് ഉണ്ടായ നഷ്ടം വിശദമായ അന്വേഷണം നടത്തി തിട്ടപ്പെടുത്തേണ്ടതാണ്. ചെലവ് ₹ 192243തടസ്സം ചെയ്യുന്നു

## 3-6. വിദേശ തൊഴിൽ നേടുന്നതിന് ധനസഹായം- സന്ദർശന വിസക്ക് പണം നൽകി.

2015-16 വർഷത്തിൽ നടപ്പാക്കിയ പട്ടികജാതിക്കാർക്ക് വിദേശ തൊഴിൽ നേടുന്നതിനുള്ള ധനസഹായം (122/16) എന്ന പ്രൊജക്റ്റ് പ്രകാരം രണ്ട് ഗുണഭോക്താക്കതൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് ധനസഹായം നൽകുന്നതിന് ₹ 20000 ചെലവഴിച്ചിട്ടുണ്ട്.(ബിൽ നമ്പർ 13/15-16 തി. 31.03.2016 ₹ 20000 )

സർക്കാർ ഉത്തരവ് പ്രകാരം ( ജി.ഒ( എം.എസ് ) 362/13 തി.16.11.2013 ) വിദേശത്ത് തൊഴിൽ ലഭ്യമാകുന്നവർക്ക് തൊഴിൽ വിസയും ടിക്കറ്റും ഹാജരാക്കുന്നമുറക്ക് ₹ 10000 ഉം ടിക്കറ്റ് ചാർജ്ജും നൽകാവുന്നതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.ജി.ഒ(ആർ.ടി)1827/2015 ത.സ്വ.ഭ.വ തി.18.06.2015 പ്രകാരം ഇത് ₹ 50000 ആയി വർദ്ധിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിൽ നിന്ന് ധനസഹായം അനുവദിച്ച് നൽകിയ രണ്ട് ഗുണഭോക്താക്കളും മൂന്ന് മാസം കാലാവധിയുള്ള വിസിറ്റ് വിസയാണ് ഹാജരാക്കിയത്. തൊഴിൽ വിസക്കല്ലാതെ വിസിറ്റിംഗ് വിസക്ക് വിദേശത്ത് പോയവർക്ക് പണം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ ചെലവഴിച്ച ₹ 20000 തടസ്സം ചെയ്യുന്നു.ഗുണഭോക്താക്കളുടെ തൊഴിൽ വിസ ഹാജരാക്കാത്തപക്ഷം തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-7 കൃഷിഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

2015-16 വർഷത്തിൽ കൃഷി ഓഫീസർനിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ ചില അപാകതകൾ കാണുന്നു വിശദ വിവരം ചുവടെ

| പ്രോജക്ട് | ബിൽ നമ്പർ | തുക | അപാകതകൾ |
|---|---|---|---|
| ജലസേചന കിണർ.പ്രോജക്ട് നമ്പർ149/16 | 4/15-16 /29-3-16,5 /15-16 /31-3-16 | 1,16,208 | 1) ഈ പദ്ധതി പ്രകാരം24 ഗുണഭോക്താക്കൾക്ക് പമ്പ് സെറ്റ് വിതരണം ചെയ്തിട്ടുണ്ട് എന്നാൽ ഓരോ ഇനത്തിന്റെയും യൂണിറ്റ് കോസ്റ്റ് കൃഷി വകുപ്പ് ജില്ലാ തല ഓഫീസർ നിർണ്ണയിക്കണ മെന്ന ജി.ഒ.എം.എസ്362/2013തിയതി.16-11-13<br>എന്ന ഉത്തരവ് പാലിച്ചിട്ടില്ല.<br>2) 5000രൂപ കൈപറ്റിയ ശ്രീ.മുഹമ്മദ് ഇളമ്പിലാക്കാട്ട് കമ്മിണിപറമ്പ എന്ന ഗുണഭോക്താവ് പഞ്ചായത്ത് അംഗീകരിച്ച (പമ്പ് സെറ്റ് വിതരണം) ഗുണഭോകതൃ ലിസ്റ്റിൽ<br>ഉൾപ്പെട്ടിട്ടില്ല. |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/26-8-16 ന് നൽകിയ മറുപടിയിൽ ശ്രീ.മുഹമ്മദ് ഇളമ്പിലാക്കാട്ട് കമ്മിണിപറമ്പ എന്ന ഗുണഭോക്താവും ഗുണഭോതൃലിസ്റ്റിൽ ഉൾപ്പെട്ട മുഹമ്മദ് ഈച്ചത്ത് എന്ന ഗുണഭോക്താവും ഒരാൾ തന്നെയാണ് എന്നാണ് അറിച്ച.ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-8 ഐ.കെ.എം. വിഹിതം അടവ് രേഖകൾ ഹാജരാക്കിയില്ല - 59,753 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2015-16 വർഷത്തെ ഐ.കെ.എം. വിഹിതമായി 59,753/- രൂപ (പ്ലാൻ ഫണ്ടിന്റെ 0.25% തുക) വൗച്ചർ നമ്പർ 21501011, തീയതി 31-03-16 പ്രകാരം ചെലവഴിച്ചിരിക്കുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട കൈപ്പറ്റ് രേഖകൾ ഐ.കെ.എം. ൽ നിന്നും ലഭ്യമാക്കിയിട്ടില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16 തീയതി 29-08-16) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 59,753/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ - 200/2015-16

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

## 3-9 മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല-50,000/- രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം. 15/2015-16

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പള്ളിക്കൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 50,000/- രൂപ ഹോംകോ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകുന്നതിനായി 29.03.2016 ൽ വൗച്ചർ നമ്പർ 21500963 പ്രകാരം ചെലവഴിച്ചിരുന്നു. എന്നാൽ തുക കൈപ്പറ്റിയതു സംബന്ധിച്ച രസീതുകൾ ഹോംകോയിൽ നിന്നും ലഭിച്ചിട്ടില്ല. മരുന്നുകളും നാളിതുവരെ ലഭിച്ചിട്ടില്ലെന്നാണ് ബന്ധപ്പെട്ട ഡിസ്പെൻസറിയിൽ മെഡിക്കൽ ഓഫീസർ

അറിയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16 തീയ്യതി 29/8/2016) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ചെലവഴിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാത്തത് ശരിയായ പ്രവണതയല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി, ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

## 3-10 റോഡ് കോൺക്രീറ്റ് പ്രവൃത്തി - അധിക തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെയ്ത താഴെ പറയുന്ന റോഡ് കോൺക്രീറ്റ് പ്രവർത്തികളിൽ അതിനു ചുവടെ പറയുന്ന കാരണങ്ങളാൽ അധിക തുക ചെലവഴിച്ചതായി കാണുന്നു. CPWD ഡാറ്റാ പ്രകാരമാണ് പ്രവർത്തികൾ ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | റോഡ് പ്രവൃത്തിയുടെ വിവരം | പ്രവൃത്തിയുടെ ഇനവും ചെലവും | | | |
|---|---|---|---|---|---|
| | | റോഡ് നിര പ്പാക്കുന്നതി നായിആഴം 30cmൽ കൂടാതെമണ്ണ് കിളച്ചുനീക്കൽ | മണ്ണിട്ട് നികത്തൽ/ ക്വാറി മക്ക് നിരത്തൽ(m3) | 1:4:8 അനുപാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് (m3) | 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് (m3) |
| 1 | കാരിപ്പുറം ചാലയ്ക്കൽ റോഡ് കോൺക്രീറ്റിംഗ്(88/16)&(245/15)<br>ബിൽ നമ്പർ 11/15-16 തിയ്യതി 09.06.15<br>രൂ2,00,000/- (വികസന ഫണ്ട്)<br>ബിൽ നമ്പർ 92/14-15 തിയ്യതി 30.03.15<br>രൂ1,00,000/- (വികസന ഫണ്ട്)<br>കൺവീനർ. ശ്രീ ബഷീർ കെ ഒ<br>എം. ബുക്ക് നമ്പർ. 64/14-15<br>T.S No. AEE/LSGD /KTY/812/14-15 dtd 28.02.15 – 3,00,000/- | ഇനം.1<br>3x3.5+<br>30x3.05+<br>20x3.10+<br>10x3.25+<br>12x3.5=238.5m2<br>ltd to 235m2@ 54.2/ m2<br>= രൂ 12737/- | ഇനം.2 ക്വാറി മക്ക് നിരത്തൽ<br>(3x3.5+<br>30x3.05+<br>20x3.10+<br>10x3.25+<br>12x3.5)x0.15= 35.76m3 Ltd to35.7m3<br>@1047.90/<br>m3=<br>37410.03 | ഇനം.3<br>(3x3.5+<br>30x3.05+<br>20x3.10+<br>10x3.25+<br>12x3.5)x0.10 = 23.85m3<br>Ltd to 23.52m3 @4670.7/m3 =109854.86 | ഇനം 4<br>(3x3.5+<br>30x3.05+<br>20x3.10+<br>10x3.25+<br>12x3.5)x0.10 = 23.9m3<br>Ltd to 23.43 @5863.2/m3 =137374.78 |
| 2 | ഏറിയാട്ട് റോഡ് കോൺക്രീറ്റിംഗ് (71/16)&(158/15)<br>ബിൽ നമ്പർ 7/15-16 തിയ്യതി 09.06.15<br>രൂ 1,50,000/- (വികസന ഫണ്ട്) | ഇനം.1<br>7x3.55+<br>7.6x3.3+<br>7.6x3.05+<br>14.7x3+ | ഇനം.2 ക്വാറി മക്ക് നിരത്തൽ(7x3.55+<br>7.6x3.3+<br>7.6x3.05+<br>14.7x3+ | ഇനം.3<br>(7x3.55+<br>7.6x3.3+<br>7.6x3.05+<br>14.7x3+ | ഇനം 4<br>(7x3.55+<br>7.6x3.3+<br>7.6x3.05+<br>14.7x3+ |

| | | | | | |
|---|---|---|---|---|---|
| | ബിൽ നമ്പർ 101/14-15 തിയ്യതി 30.03.15<br>രൂ 1,00,000/- (വികസന ഫണ്ട്)<br>കരാറുകാരൻ- ശ്രീ.സാലിഹ് തങ്ങൾ കെ പി<br>(എസ്റ്റി.നിരക്ക്)<br>കരാർ നം.68/14-15 dt.7/1/15<br>എം. ബുക്ക് നമ്പർ. 76/14-15<br>T.S No. AEE/LSGD /KTY/442/14-15 dtd 24.11.14 – 2,50,000/- | 7.7x3.1+<br>12x3.2 = 179.48m2<br>@62.38/m2<br>= 11181.6 | 7.7x3.1+<br>12x3.2)x0.10 =17.95 limited to<br>17.92m3 @1205/m3 =21593.60 | 7.7x3.1+<br>12x3.2)=<br>17.92m3 @5371/m3 =96253.69 | 7.7x3.1+<br>12x3.2)=<br>17.92m3 @6742.20/m3 =120829.18 |
| 3 | മാതാം കുളം കോതേരിക്കുണ്ട് റോഡ് കോൺക്രീറ്റിംഗ്<br>(147/15)&(89/16)<br>ബിൽ നമ്പർ 25/15-16 തിയ്യതി 12.08.15<br>രൂ 3,99,745/- (വികസന ഫണ്ട്)<br>കരാറുകാരൻ- ശ്രീ കെ ബീരാൻ കുട്ടി<br>(0.0005% കുറവ്)<br>എം. ബുക്ക് നമ്പർ. 92/14-15<br>T.S No. AEE/LSGD /KTY/125/14-15 dtd 08.10.14 – 4,00,000/- | ഇനം.1<br>4.5x1.775+<br>7.5x1.725+<br>11x1.95+<br>6,5x2.45+<br>5.1x2.75+<br>9.3x2.9+<br>8.1x3+<br>8.3x2.85+<br>8.6x2.8+<br>9x2.7= 195.60m2 @ 62.38/ m2<br>= 12201.52 | ഇനം.2 ക്വാറി മക്ക് നിരത്തൽ<br>(4.5x1.775+<br>7.5x1.725+<br>11x1.95+<br>6,5x2.45+<br>5.1x2.75+<br>9.3x2.9+<br>8.1x3+<br>8.3x2.85+<br>8.6x2.8+<br>9x2.7)x0.10= 19.52m3<br>@1204.48/m3= 23511.44 | ഇനം.3<br>(2x2.3+24x 1.3+21.5x1.4+<br>6x1.15+<br>7.5x1.6+<br>4.5x1.775+<br>7.5x1.725+<br>11x1.95+<br>6.5x2.45+<br>5.1x2.75+<br>9.3x2.9+8.1x3+ 8.3x2.85+<br>8.6x2.8+<br>9x2.7)x0.10= 27.98m3 @ 5371.33/m3 =150289.81 | ഇനം 4<br>(2x3.4+60x 1.8+8.4x1.775+<br>7.5x1.725+<br>11x1.95+<br>6.5x2.45+<br>5.1x2.75+<br>9.3x2.9+<br>8.1x3+<br>8.3x2.85+<br>8.6x2.8+<br>9x2.7)0.10= 31.70m3 @6742.73/m3<br>(DSR 4.1.3) =213744.54 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4 | കാരാളിപ്പറമ്പ് മണ്ണാരക്കൽ റോഡ് കോൺക്രീറ്റിംഗ്(255/15) & (120/16)<br>ബിൽ നമ്പർ 62/15-16 തിയ്യതി 16.12.15<br>രൂ 4,68,000/- (വികസന ഫണ്ട്)<br>കൺ- ശ്രീ അഹമ്മദ് സാജിദ്<br>എം. ബുക്ക് നമ്പർ. 104/14-15<br>T.S No. AEE/LSGD /KTY/879/14-15 dtd 30.03.15 – 4,68,000/- | ഇനം.1<br>2x3.8+<br>20x2.75+<br>20x2.6+<br>20x2.65+<br>25x2.8+<br>17.8x2.6=<br>283m2<br>@54.20/m3=<br>15338.60 | ഇനം.6- മണ്ണി ട്ട് നികത്തൽ<br>5x2.6x0.25+<br>15x2.4x0.45+<br>5x2.4x0.35=<br>23.65m3<br>Ltd to 17.51m3<br>ഇനം.7- ക്വാറി മക്ക് നിരത്തൽ<br>(2x3.4+<br>20x2.75+<br>20x2.6+<br>20x2.65+<br>25x2.8+<br>20x2.4+<br>17.8x2.6)x<br>0.15=<br>49.66m3<br>@1047.37=<br>52012.39 | ഇനം.8<br>(2x3.4+<br>20x2.75+<br>20x2.6+<br>20x2.65+<br>25x2.8+<br>20x2.4+<br>17.8x2.6)x<br>0.10=33.10m3Ltd to 32.95<br>@4670.70<br>=153899.56 | ഇനം 9<br>(2x3.4+<br>10.9x2.5+<br>5.3x2.35+<br>3.3x2.6+<br>6.6x2.425+<br>6.8x2.325+<br>7.3x2.5+<br>8x2.45+<br>6.6x2.8+<br>3.5x3+<br>7.1x2.85+<br>9.9x3.1+<br>9.9x3.15+<br>5.8x2.45+<br>7.5x2.4+<br>6.8x2.4+<br>11.7x2.55+<br>5.8x2.75)x0.10<br>=32.95<br>@5863.20<br>(DSR 4.1.3)=<br>1,93,192.44 |

| | | | | | |
|---|---|---|---|---|---|
| 5 | ചെറക്കാണി കാരപ്പറമ്പ് റോഡ് പുനരുദ്ധാരണം (162/16)<br>ചെക്ക് നമ്പർ 03394 തിയ്യതി 18.3.16<br>രൂ 4,00,000/- (തനതു ഫണ്ട്)<br>കൺ- ശ്രീ ഇ.കെ രവീന്ദ്രൻ<br>എം. ബുക്ക് നമ്പർ. 1/15-16<br>T.S No. AEE/LSGD /KTY/525/15-16 dtd 6.08.15 – 4,00,000/- | | ഇനം.6 - മണ്ണി ട്ട് നികത്തൽ<br>15x2.6x0.2+<br>30x3x0.4+<br>8x2.8x0.4+<br>6x3.5x0.25=<br>54.65<br>ഇനം.7- ക്വാറി മക്ക് നിരത്തൽ<br>(10x2.7+<br>5x2.6+<br>4x2.95+<br>5x4.35+<br>10x3.325+<br>10x3.2+<br>10x3.125+<br>4.8x5.3+<br>9.5x2.85+<br>11.5x2.25)x<br>0.10=24.81 | ഇനം.8<br>(10x2.7+<br>5x2.6+<br>4x2.95+<br>5x4.35+<br>10x3.325+<br>10x3.2+<br>10x3.125+<br>4.8x5.3+<br>9.5x2.85+<br>11.5x2.25)x<br>0.10=24.81 | (9x2.7+<br>6.5x2.6+<br>3.5x2.95+<br>5x4.35+<br>8.1x4.325+<br>8.2x4.2+<br>9.5x4.125+<br>6.5x4.75+<br>2.5x7.2+<br>9.5x2.85+<br>3.5x2.4+<br>8x2.5)x0.10=<br>28.59 @5863.20<br>=1,67,629/- |
| 6 | കുട്ടാൽ കോണിക്കുട് റോഡ് കോൺക്രീറ്റിംഗ് (165/15) &(76/16)<br>ബിൽനം. 99/14-15 Dt.30-3-15<br>രൂ.1,00,000/-(വികസന ഫണ്ട്)<br>ചെക്ക് നമ്പർ 1893811 തിയ്യതി 3-10-15<br>രൂ 1,50,000/- (തനതു ഫണ്ട്) | ഇനം.1<br>10x2.65+<br>30x2.3+<br>5x2.65+<br>10x2.85+<br>5x2.85=<br>151.50m2<br>@54.24/m2<br>=8217.36 | ഇനം.2<br>(10x2.65+<br>30x2.3+<br>5x2.65+<br>10x2.85+<br>5x2.85+<br>58x1.1)0.10=<br>21.27@<br>1047.9/m3= | ഇനം.3<br>(10x2.65+<br>30x2.3+<br>5x2.65+<br>10x2.85+<br>5x2.85+<br>58x1.1)0.10=<br>21.27<br>@4670.73/m3= | ഇനം.4<br>(10x2.65+<br>30x2.3+<br>5x2.65+<br>10x2.85+<br>5x2.85)x0.075+<br>58x1.1x0.10=<br>19.72@<br>5715.16/m3 |

| | | | | | |
|---|---|---|---|---|---|
| | കൺ- ശ്രീ ഷബീറലി<br>എം. ബുക്ക് നമ്പർ. 70/14-15<br>T.S No. AEE/LSGD /KTY/444/14-15 dtd 24.11.14 – 2,50,000/- | | 22288.83 | 99346.42 | (DSR-16.42)=<br>112702.35 |
| | ആകെ | 59676 | | | |

അപാകതകൾ

1. മേൽ പ്രവർത്തികളിൽ ഇനം 1 ആയി റോഡ് പ്രതലത്തിലെ മണ്ണ് കിളച്ചുമാറ്റിയശേഷം അതേ അളവിൽ GSB ആയി ക്വാറി മക്ക് നിറച്ചിട്ടുണ്ട്. റോഡുകൾ ഉറച്ച ചെങ്കൽ പ്രദേശത്തായതിനാലും ക്വാറി മക്ക് നിരത്തുമ്പോൾ റോഡ് പ്രതലം നിരപ്പാകുന്നതിനാലും ഇനം 1 ൽ ചെയ്ത പ്രവർത്തി ആവശ്യമില്ലാത്തതാണ്. ഇതിനായി ചെലവഴിച്ച തുക ആകെ 59676/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. നഷ്ട തുക ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

2. ക്രമ നം.6 ൽ 1:2:4 അനുപാതത്തിൽ കോൺക്രീറ്റിന് DSR-16.42 ന്റെ നിരക്കാണ് (5715.16/m3)നൽകിയത്. വീതി കുറഞ്ഞ റോഡായതിനാലാണ് ഈ നിരക്ക് നൽകിയത് എന്നാണ് കാരണമായി ഓവർസിയർ വിശദീകരിച്ചത് . ക്രമ നം. 1,2 ഒഴികെ മറ്റെല്ലാ പ്രവൃത്തികളിലും റോഡിന് വീതി കുറവായിട്ടും താഴെപ്പറയും പ്രകാരം DSR 4.1.3 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| ക്രമ നം. | 1:2:4 അനുപാതത്തിൽ റോഡ് കോൺക്രീറ്റിന്റെ അളവ് | DSR-16.42 പ്രകാരം നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|
| 3 | 31.70m3 | 6572.43x31.70=208346 | 6742.73x31.7=213745 | 5399/- |
| 4 | 32.95m3 | 5715.16x32.95=188315 | 5863.20x32.95=193192 | 4877/- |
| 5 | 28.59m3 | 5715.16x28.53=163054 | 5863.20x28.53=167629 | 4575/- |
| ആകെ അധികം നൽകിയ തുക | | | | 14851/- |

നഷ്ട തുക ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

3. ടാർ ചെയ്യുന്ന റോഡിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം GSBക്കായി ക്വാറി മക്ക് നിരത്തിയതിനു മുകളിൽ സോളിംഗ് (അമർത്തിയത് ) 7.5cm ഉം മെറ്റലിംഗ് (അമർത്തിയത് ) 7.5cm ഉം അതിനുമുകളിൽ ടാറിംഗ് 2.5cmഉം കനത്തിൽ ആകെ 17.5cm ആണ് റോഡിന്റെ കനം. ഭാരമേറിയ വാഹനങ്ങൾക്കുപോലും കടന്നുപോകാൻ തക്ക ഉറപ്പുള്ള റോഡ് എന്നിരിക്കെ ഇതിനേക്കാൾ ഉറപ്പേറിയ കോൺക്രീറ്റ് റോഡിന് 15cm കനത്തിൽ ക്വാറി മക്ക് നിരത്തി അതിനുമുകളിൽ 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ചും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ചും 10cm കനത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുള്ളത് അനാവശ്യ അധിക ചെലവിന് കാരണമായിട്ടുണ്ട്. ആയതിനാൽ ടാർ റോഡിന്റെ കനത്തിൽ പരിമിതപ്പെടുത്തി ക്വാറി മക്ക് നിരത്തിയതിനു മുകളിൽ 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ച് 10cm കനത്തിലും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 7.5cmകനത്തിലും പരിമിതപ്പെടുത്തി കോൺക്രീറ്റ് പ്രവർത്തികൾ ചെയ്യാവുന്നതായിരുന്നു. മേൽപ്പറഞ്ഞ റോഡുകൾ വെള്ളം കെട്ടി നിൽക്കുന്നതോ ചതുപ്പായതോ ആയ പ്രദേശത്ത് അല്ല എന്നതും ശ്രദ്ധേയമാണ്. ആയതിനാൽ 1:2:4 അനുപാതത്തിൽ 20mmമെറ്റൽ

ഉപയോഗിച്ച് അധികമായി 2.5 cm കനത്തിൽ ചെയ്ത കോൺക്രീറ്റ് പ്രവർത്തിക്ക് ചെലവഴിച്ച തുക പഞ്ചായത്ത് ഫണ്ടിന് നഷ്ടമായിട്ടുണ്ട്. നഷ്ടം ഒഴിവാക്കുന്നതിന് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

## 3-11 സ്രാമ്പ്യ ബസാർ പൊതു കിണർ റിപ്പയർ -- അധിക നിരക്ക നൽകി

സ്രാമ്പ്യ ബസാർ പൊതു കിണർ റിപ്പയർ -- അധിക നിരക്ക നൽകിയതു അംഗീകരിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

പ്രോജക്റ്റ് നം. 106/16 (216/15)

ഫണ്ട് - രൂ. 50,000/- (മെയി. ഗ്രാന്റ്)

സാങ്കേതികാനുമതി - AE/LSGD/PKL/01/2014-15 Dt.27.1.15- 50,000/-

ട്രഷറി ബിൽ നം. 54/15-16 തീ.17.11.15

കരാറുകാരൻ - ശ്രീ. പി സുരേഷ് ബാബു

കരാർ നം. - 91/15-16 തീ. 23.2.15(എസ്റ്റി.നിരക്ക്)

എം.ബുക്ക് നം. - 98/14-15

പ്രവൃത്തി മൂല്യം - രൂ.50599/- Ltd to 50,000/-

കുറയ്ക്കുക -നികുതികൾ - 3015/-

കരാറുകാരന് നൽകിയ തുക - 46,985/-

പ്രവൃത്തി ഇനം 5 ആയി 4 മീറ്റർ വ്യാസമുള്ള കിണർ ആഴം കൂട്ടുന്നതിന് 10-ാം ആഴത്തിൽ ചെളിയുള്ള മണ്ണ്

കിളച്ചു മാറ്റുന്ന പ്രവൃത്തിയ്ക്ക് അധിക നിരക്ക് നൽകിയിട്ടുണ്ട്. 10-ാം ആഴത്തിൽ നൽകാവുന്ന നിരക്ക് താഴെ പറയും പ്രകാരമാണ്.

| ഇനം | നൽകിയ നിരക്ക്/m3 | നൽകാവുന്ന നിരക്ക്/m3 |
|---|---|---|
| ആദ്യ ആഴം | 3166.44 | 3166.44 |
| ഒന്നാം ആഴം | 3799.73(20% അധികം) | 3483.08(10% അധികം) |
| രണ്ടാം ആഴം | 4559.68(20% അധികം) | 3831.39(10% അധികം) |
| മൂന്നാം ആഴം | 5471.62(20% അധികം) | 4214.53(10% അധികം) |
| നാലാം ആഴം | 6565.94(20% അധികം) | 4635.98(10% അധികം) |
| അഞ്ചാം ആഴം | 7879.13(20% അധികം) | 5099.58(10% അധികം) |
| ആറാം ആഴം | 8666.04(10% അധികം) | 5609.54(10% അധികം) |
| ഏഴാം ആഴം | 9532.64(10% അധികം) | 6170.50(10% അധികം) |
| എട്ടാം ആഴം | 10485.90(10% അധികം) | 6287.54(10% അധികം) |
| ഒൻപതാം ആഴം | 11534.49(10% അധികം) | 7466.80(10% അധികം) |
| പത്താം ആഴം | 12687.94(10% അധികം) | 8212.93(10% അധികം) |

അധികം നൽകിയ നിരക്ക് - 4475/10m3 (12687.94-8212.93)

കരാറുകാരന് അധികം നൽകിയ തുക – 18.84x4475/10 = 8431/-

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അസി. എഞ്ചിനിയർ രസീതു നം.11604103648/30.8.16 പ്രകാരം 8433/-രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി. ടി തുക സർക്കാരിലേക്ക്

അടവാക്കേണ്ടതാണ്.

## 3-12 പി.എച്ച്.സി.,പരിരക്ഷ -മരുന്ന് ലഭ്യമാക്കിയില്ല

2015-16 വർഷത്തിൽ മെഡിക്കൽഓഫീസർ നിർവ്വഹണം നടത്തിയ വിവിധ മരുന്ന് വാങ്ങൽ പദ്ധതിപ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് തുകനൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല വിശദ വിവരം ചുവടെ

| പ്രോജക്റ്റ് | ബിൽ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ പ്രോജക്റ്റ് നമ്പർ S003/16 | 7/15-16 /29-3-16 | 1,50,000 | തുക DD നമ്പർ /30-3-16 പ്രകാരം KMSCL ന് നൽകിയിട്ടുണ്ടെങ്കിലും മരുന്ന് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല |
| പരിരക്ഷ മരുന്ന് വാങ്ങൽ പ്രോജക്റ്റ് നമ്പർ S004/16 | 6/15-16 /30-3-16 | 1,00000 | തുക DD നമ്പർ 308510/30-3-16 പ്രകാരം KMSCL ന്<br>നൽകിയിട്ടുണ്ടെങ്കിലും മരുന്ന് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല |
| | ആകെ | 2,50,000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/25-8-16 ന്

നൽകിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 2,50,000 രൂപ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 1,00000 | IED സ്കോളർഷിപ്പ് | 1,00000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2015-16 | 1,00000 | IED സ്കോളർഷിപ്പ് | 1,00000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ -ഇല്ല

. -ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് -

-ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

-ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

4-5.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1641485 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1641485 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1641485 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പള്ളിക്കൽ സർവ്വീസ് സഹകരണബാങ്ക് | 1641485 |
| | |
| ആകെ | 1641485 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1977-78 | 8-E | 23 | ശ്രീ.ബാലകൃഷ്ണൻ നായർ.സെക്രട്ടറി | 11504106132/9-2-16 |
| 1977-78 | 8-D | 230 | ശ്രീ.ബാലകൃഷ്ണൻ നായർ.സെക്രട്ടറി | 11504106131/9-2-16 |
| 1969-70 | 44 | 5 | ശ്രീ.മാത്യൂ.സെക്രട്ടറി | 11504106130/9-2-16 |
| 1969-70 | 25,38D40,41 | 247 | ശ്രീ.മാത്യൂ.സെക്രട്ടറി | 11504106129/9-2-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓ-ഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 30 (1) | 2003-04 | 3-10-13 | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |
| 1998-99 | 38 (5), 45, 53 | 2003-04 | - | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |
| 1999-2000 | 40, 43 | 2003-04 | - | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,16,35,427 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,84,91,024 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7,281 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 207928 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15,71,996 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6,281 | - | ശ്രീ.അശോകൻ എ.സി, സെക്രട്ടറി |
| 2-2 | 1,000 | - | ശ്രീ.അശോകൻ എ.സി, സെക്രട്ടറി |
| 3-1 | | 1,33,401 | ശ്രീ. ഷൈജു പി, വി.ഇ.ഒ |
| 3-10(1) | | 59676 | ശ്രീ. ചാൾസ് റാഫി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10(2) | | 14851 | ശ്രീ. ചാൾസ് റാഫി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 7281 | 207928 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 10,00000 | ശ്രീ,ശ്രീവൽസൻ-ഹെഡ് മാസ്റ്റർ |
| 3-5 | 1,92,243 | ശ്രീ. ഉണ്ണി കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 20,000 | ശ്രീ. ഉണ്ണി കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 59753 | ശ്രീ.അശോകൻ എ.സി, സെക്രട്ടറി |
| 3-9 | 50,000 | ശ്രീ.അശോകൻ എ.സി, സെക്രട്ടറി |
| 3-12 | 2,50,000 | ഡോ.സുരയ്യ.മെഡിക്കൽ ഓഫീസർ |
| ആകെ | 15,71,996 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അശോകൻ എ.സി, സെക്രട്ടറി | സെക്രട്ടറി, പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് | ചേമ്പീട്ടിൽ വീട്, ഫറൂക്ക് കോളേജ് പി.ഒ, കോഴിക്കോട്, 6736322 |
| ശ്രീ. ഷൈജു പി, വി.ഇ.ഒ | വി.ഇ.ഒ, പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് | സമൃതിലയം, കാരാട് പറമ്പ് പി.ഒ, 673632 |
| ശ്രീ.ചാൾസ് റാഫി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | ഓറിയോൺ, ഒ.എൽ.എച്ച്.കോൺവെന്റിന് സമീപം,ഇരവിപുരം, കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1966-67 | എൽ.എഫ്.എം07/1758/03 തി. 28.11.2003 | 03 | |
| 1969-70 | എൽ.എഫ്.എം07/1758/03 തി. 28.11.2003 | 02 | |
| 1974-75 | എൽ.എഫ്.എം09/1810/94 തി. 30.07.1994 | 08 | |
| 1977-78 | എൽ.എഫ്.എം09/1761/03 തി. 18.11.2003 | 02 | |
| 1979-80 | എൽ.എഫ്.എം07/1762/03 തി. 17.11.2003 | 05 | |
| 1980-81 | എൽ.എഫ്.എം07/1763/03 തി. 17.11.2003 | 02 | |
| 1981-82 | എൽ.എഫ്.എം07/1764/03 തി. 17.11.2003 | 02 | |
| 1982-83 | എൽ.എഫ്.എം07/1765/03 തി. 18.11.2003 | 15 | |
| 1983-84 | എൽ.എഫ്.എം07/1769/03 തി. 17.11.2003 | 04 | |
| 1984-85 | എൽ.എഫ്.എം07/1770/03 തി. 19.11.2003 | 09 | |
| 1985-86 | എൽ.എഫ്.എം09/1878/03 തി. 30.07.2004 | 10 | |
| 1986-87<br>87-88 | എൽ.എഫ്.എം07/1771/03 തി. 18.11.2003 | 07 | |
| 1990-91 | എൽ.എഫ്.എം07/1771/03 തി. 17.11.2003 | 26 | |
| 1991-92<br>92-93 | എൽ.എഫ്.എം07/1780/94 തി. 30.07.1994 | 09 | |
| 1993-94 | എൽ.എഫ്.എം07/1773/03 തി. 18.11.2003 | 14 | |
| 1996-97 | എൽ.എഫ്.എം07/659/01 തി. 06.07.2005 | 15 | |

| | | | |
|---|---|---|---|
| 1997-98 | എൽ.എഫ്.എം12/1466/01 തി. 18.11.2003 | 31 | |
| 1998-99 | എൽ.എഫ്.എം07/1467/01 തി. 18.02.2005 | 31 | |
| 1999-00 | എൽ.എഫ്.എം07/1766/03 തി. 18.01.2003 | 18 | |
| 2000-01 | എൽ.എഫ്.എം07/1878/05 തി. 29.09.2006 | 20 | |
| 2001-02 | എൽ.എഫ്.എം14/744/06 തി. 26.09.2006 | 15 | |
| 2002-03 | എൽ.എഫ്.എം14/567/08 തി. 18.12.2008 | 05 | |
| 2003-04 | എൽ.എഫ്.എം14/568/08 തി. 18.12.2008 | 13 | |
| 2004-05 | എൽ.എഫ്.എം14/1789/08 തി. 04.03.2009 | 02 | |
| 2005-06 | എൽ.എഫ്.എം14/1777/08 തി. 14.03.2009 | 03 | |
| 2006-07 | എൽ.എഫ്.എം14/1652/09 തി. 09.06.2010 | 10 | |
| 2007-08 | എൽ.എഫ്.എം06/807/12 തി. 06.06.2012 | 28 | |
| 2008-09 | എൽ.എഫ്.എം06/808/12 തി. 06.06.2012 | 26 | |
| 2009-10 | എൽ.എഫ്.എം06/809/12 തി. 06.06.2012 | 21 | |
| 2010-11 | എൽ.എഫ്.എം06/791/13 തി. 12.06.2013 | 18 | |
| 2011-12<br>12-13 | എൽ.എഫ്.എം06/1613/14 തി. 08.10.14 | 16 | |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം06/1897/15 തി. 10.9.15 | 14 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## **4-10** സാക്ഷ്യപത്രം **2015-16**

*കെ.എസ്.എ-എം.പി.എം. / /2016*

*കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്*

*ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം*

*ഇ-മെയിൽ:dompm.ksad@kerala.gov.in*

*പിൻ- 676 505 ഫോൺ: 0483 2734951*

*തീയതി 2016*

*1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൻെറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.*

*എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.*

*ഡെപ്യൂട്ടി ഡയറക്ടർ,*

*ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.*

*AUDIT CERTIFICATE*

*KSA-MPM./2094/2016*

*Kerala State Audit Department*

*District Audit Office, Malappuram*

*PIN- 676 505 Phone: 0483 2734951*

*Email- dompm.ksad@kerala.gov.in*

*Dated 09.08.2016*

*Certified that I have examined the Annual Financial Statement of Pallikkal GRAMA PANCHAYAT in Malappuram District for the year 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.*

*In my opinion the Financial Statements of Pallikkal Grama Panchayat for the year 2015-16 except the observations in my audit report properly present the picture of income and expenditure*

*DEPUTY DIRECTOR*
*DISTRICT AUDIT OFFICE, MALAPPURAM.*